**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5990** **17-03-2023 - ൽ മറുപടിയ്ക്ക്**

**കിഫ്ബി മസാല ബോണ്ടിലൂടെ സമാഹരിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി മസാല ബോണ്ടിലൂടെ സമാഹരിച്ച തുക ഏതെങ്കിലും ന്യൂ ജനറേഷൻ ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പലിശ നിരക്ക് എത്രയാണ്; മസാല ബോണ്ട് വഴി സമാഹരിച്ച തുകയ്ക്ക് നൽകേണ്ട പലിശ എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ? | (എ) | മസാലാ ബോണ്ടുവഴി സമാഹരിച്ച 2150 കോടി രൂപ 2021 മെയ് മാസത്തോടെ പൂർണ്ണമായി ഉപയോഗിച്ചിട്ടുണ്ട്. നിലവിൽ ഈ ഇനത്തിൽ സമാഹരിച്ച തുക എവിടെയും നിക്ഷേപിച്ചിട്ടില്ല. എന്നാൽ മസാല ബോണ്ട് വഴി തുക സമാഹരിച്ച അവസരത്തിൽ സുരക്ഷിതത്വവും മികച്ച പലിശ നിരക്കും ഉറപ്പാക്കിയ വിവിധ നിക്ഷേപങ്ങളിൽ നിക്ഷേപിച്ചിട്ടുണ്ട്. കിഫ്ബിയുടെ ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് പോളിസിയുടെ അടിസ്ഥാനത്തിൽ യൂണിയൻ ബാങ്ക്, വിജയ ബാങ്ക്, SBI, ബാങ്ക് ഓഫ് ബറോഡ തുടങ്ങിയ വിവിധ പൊതുമേഖല ബാങ്കുകളിലും HDFC, ICICI, Axis Bank, Kotak Mahindra Bank, Standard Chartered Bank പോലെയുള്ള ഉയർന്ന ക്രെഡിറ്റ് റേറ്റിങ്ങുള്ള സ്വകാര്യ ബാങ്കുകളിലും നിക്ഷേപിച്ചിട്ടുണ്ട്. ഇവയ്ക്ക് 7.90% വരെ പലിശ ലഭിച്ചിട്ടുണ്ട്. കിഫ്ബിയുടെ മസാല ബോണ്ടിന്റെ കൂപ്പൺ റേറ്റ് 9.723% ആണ്. |

സെക്ഷൻ ഓഫീസർ